വാങ്ങുന്ന കയറ്റുമതിക്കാർക്ക് 7.50% ഇൻസന്റീവ്/റിബേറ്റും അനുവദിക്കുന്നുണ്ട്. കൂടുതൽ വിദേശ കമ്പോളം ലക്ഷ്യമിട്ടുകൊണ്ട് കയർ കമ്മീഷൻ ശിപാർശ പ്രകാരം കയർ മേഖലയിലെ എല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരളാ കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കേരള കയറിന് ഒരു പൊതു ബ്രാന്റിന് രൂപം നൽകിയിട്ടുണ്ട്. 2011 ഫെബ്രുവരി 4 മുതൽ 9 വരെ 'കയർ കേരള 2011' എന്ന പേരിൽ ഒരു അന്താരാഷ്ട്ര എക്സിബിഷൻ സംഘടിപ്പിച്ചിരുന്നു. വിദേശത്ത് നിന്നും രാജ്യത്തിനകത്തുനിന്നും ഒട്ടനവധി ബയേഴ്സും, ബയിംഗ് ഏജന്റുമാരും ഈ മേളയിൽ പങ്കെടുത്തിരുന്നു. ഇതിനോടനുബന്ധിച്ച് നടന്ന ബയർ സെല്ലർ മീറ്റിൽ ഏകദേശം 13 കോടി രൂപയുടെ വിപണനത്തിന് ധാരണയായിട്ടുണ്ട്. ഒട്ടാകെ 25 കോടിയുടെ കയറ്റുമതി ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

കയറിന്റെയും മറ്റ് പരമ്പരാഗത ഗ്രാമീണ ഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായി പദ്ധതികൾ

14(*284) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയറിന്റെയും മറ്റ് പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി സംസ്ഥാനത്ത് കഴിഞ്ഞ വർഷം എവിടെയൊക്കെ കയർഫെസ്റ്റ് പ്രദർശനവും വിൽപ്പനയും നടത്തി എന്നറിയിക്കുമോ ;

(സി) ഇത്തരം വിപണന മേളകളിലൂടെ എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ ലക്ഷ്യം കൈവരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ജില്ലാതലങ്ങളിലും മറ്റ് പ്രധാന നഗരങ്ങളിലും ഇത്തരം കൂടുതൽ മേളകൾ സംഘടിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറിനും കയർ ഉൽപ്പന്നങ്ങൾക്കും പരമാവധി വിപണി കണ്ടെത്തുന്നതിനായി ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. 2009 ഓണക്കാലയളവിൽ തുടക്കം കുറിച്ച "ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" പദ്ധതി പ്രകാരം ഓരോ കേരളീയ ഭവനങ്ങളിലും ഒരു കയർ ഉൽപ്പന്നം എങ്കിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ കയർഫെഡ്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ കുടുംബശ്രീ സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വഴി വിറ്റഴിച്ചു വരുന്നു.

2. ആഭ്യന്തര വിപണി ശക്തമാക്കുന്നതിന്റെ ഭാഗമായി കയർഫെഡിന്റെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിറ്റഴിച്ചു വരുന്നു. ഏകദേശം 611 ഓളം വിൽപന ശാലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

3. ഉത്സവ കാലയളവുകളിൽ നഗരങ്ങളിൽ മെട്രോഫെയറുകൾ സംഘടിപ്പിച്ചു വരുന്നു.

4. കയറിന്റെയും പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും പ്രചരണാർത്ഥം ആലപ്പുഴ, അമ്പലപ്പുഴ, വയലാർ, മാരാരിക്കുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കയർഫെസ്റ്റുകൾ സംഘടിപ്പിച്ചു.

5. ഉത്സവ കാലയളവുകളിൽ കയർ ഉൽപ്പന്നങ്ങളുടെ പ്രചരണവുമായി ബന്ധപ്പെട്ട് ദൃശ്യ ശ്രവ്യമാധ്യമങ്ങളിൽ വിപുലമായ പരസ്യം നൽകിയിട്ടുണ്ട്.

അന്താരാഷ്ട്ര വിപണിയിൽ കേരള കയറിന് പ്രചാരണം നൽകുന്നതിന്റെ ഭാഗമായി 4-2-2011 മുതൽ 9-2-2011 വരെ ആലപ്പുഴയിൽ "കയർ-കേരള-2011" അന്താരാഷ്ട്ര എക്സിബിഷനും അതോടൊപ്പം പ്രത്യേകമായി ആഭ്യന്തര എക്സിബിഷനും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) 2010-ൽ നടത്തിയ വിവിധ കയർഫെസ്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ആലപ്പുഴ കയർഫെസ്റ്റ്	-	19-6-2010 മുതൽ 23-6-2010 വരെ
അമ്പലപ്പുഴ ഫെസ്റ്റിവൽ	-	16-7-2010 മുതൽ 19-7-2010 വരെ
മാരാരിക്കുളം തീരോത്സവം-2010	-	2-7-2010 മുതൽ 9-7-2010 വരെ
വയലാർ കയർഫെസ്റ്റ്	-	1-8-2010 മുതൽ 3-8-2010 വരെ
മലബാർ കയർഫെസ്റ്റ്	-	12-8-2010 മുതൽ 22-8-2010 വരെ

(സി) കയർ ഉൽപ്പന്നങ്ങളുടെയും പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും പരമാവധി പ്രചാരണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്. വിൽപ്പനയ്ക്ക് ലക്ഷ്യം നിർണ്ണയിച്ചിരുന്നില്ല.

(ഡി) വർദ്ധിച്ച ജനപങ്കാളിത്തം എല്ലാ മേളകളിലും ഉണ്ടായിട്ടുണ്ട്. വിൽപ്പനയുടെ കണക്ക് പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ലക്ഷ്യം കൈവരിച്ചു എന്നാണ് പങ്കെടുത്ത സ്ഥാപനങ്ങളുടെ പ്രതികരണം സൂചിപ്പിക്കുന്നത്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly